പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3000 07.12. 2018 - ൽ മറുപടിയ്ക്ക്.

**ഐ.ടി.ഐ.കളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ കളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ കളിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ ചുമതലപ്പെടുത്തുകയും കയ്യൂർ, കണ്ണൂർ, കൊയിലാണ്ടി, മലമ്പുഴ, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐകളുടെ ഡി.പി.ആർ KIIFB പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്യുകയും ചെയ്തു. മറ്റ് അഞ്ച് ഐ.ടി.ഐ കളുടെ ഡി.പി.ആർ KIIFB പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.<br>ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ: ഐ.ടി.ഐ ചാക്ക, കോഴിക്കോട് |

| | |
|---|---|
| | ജില്ലയിലെ ഗവ:ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിവലാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (ബി) ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ ഐ.ടി.ഐ.കളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം നൽകാമോ? | (ബി) ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ കണ്ണൂർ ഗവ. ഐ.ടി.ഐയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. കണ്ണൂർ ഐ.ടി.ഐ യുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) കിഫ്ബി പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ